ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1138

# സൂറ – 39 / അസ്സുമർ

## സൂക്തം: 49 – 52

സൗഭാഗ്യങ്ങൾ സ്വന്തം വിദ്യ കൊണ്ടും സാമർഥ്യം കൊണ്ടും മാത്രം ആർജിച്ചതാണെന്ന വിചാരം പോലെ തന്നെ തെറ്റാണ് താൻ അല്ലാഹുവിന്റെ സ്നേഹഭാജനമായതുകൊണ്ട് ലഭിച്ചതാണ് എന്ന വിചാരവും. ഭൗതികമായ സുഖദുഃഖങ്ങളും ക്ഷേമ ക്ഷാമങ്ങളും ആത്യന്തികമായി അല്ലാഹുവിങ്കൽനിന്നുണ്ടാകുന്നതാണ്. എന്നാൽ അത് അവന്റെ പ്രീതിയുടെയോ അപ്രീതിയുടെയോ ദൃഷ്ടാന്തമല്ല.

فَإِذَا مَسَّ ٱلْإِنسَـٰنَ ضُرٌّ دَعَانَا ثُمَّ إِذَا خَوَّلْنَـٰهُ نِعْمَةً مِّنَّا قَالَ إِنَّمَآ أُوتِيتُهُۥ عَلَىٰ عِلْمٍۭ ۚ بَلْ هِىَ فِتْنَةٌ وَلَـٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٤٩﴾

49. ഈ മനുഷ്യനെ ഒരു ദുരിതം ബാധിച്ചാൽ താണുകേണ് നമ്മോട് പ്രാർഥിക്കുകയായി. പിന്നെ നമ്മുടെ അനുഗ്രഹത്താൽ അവന്റെ പ്രാർഥന സഫലീകരിച്ചുകൊടുത്താലോ, അവൻ പറയുകയായി: ഇതെനിക്ക് അറിവിന്മേൽ മാത്രം ലഭിച്ചതാകുന്നു. അല്ല അതൊരു പരീക്ഷണമാകുന്നു. പക്ഷെ, അധിക ജനവും ആ യാഥാർഥ്യം അറിയുന്നില്ല.

**49**

فَإِذَا مَسَّ الْإِنسَانَ = ഈ മനുഷ്യനെ സ്പർശി(ബാധി)ച്ചാൽ
ضُرٌّ = ഒരു ദുരിതം, ആപത്ത്
دَعَانَا = അവൻ (താണുകേണ്) നമ്മോട് പ്രാർഥിക്കുകയായി
ثُمَّ إِذَا خَوَّلْنَاهُ = പിന്നെ നാം അവന് നൽകിയാൽ (അവന്റെ പ്രാർഥന സഫലീകരിച്ചുകൊടുത്താൽ)
نِعْمَةً مِّنَّا = നമ്മിൽനിന്നുള്ള (നമ്മുടെ) അനുഗ്രഹത്താൽ
قَالَ = അവൻ പറയുകയായി
إِنَّمَا أُوتِيتُهُ عَلَىٰ عِلْمٍ = ഇതെനിക്ക് അറിവിന്മേൽ മാത്രം ലഭിച്ചതാകുന്നു
بَلْ هِيَ فِتْنَةٌ = അല്ല, അതൊരു പരീക്ഷണമാകുന്നു
وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ = പക്ഷേ അധിക ജനവും (ആ യാഥാർഥ്യം) അറിയുന്നില്ല

സൂക്തങ്ങളുടെ ആദ്യഭാഗം നേരത്തേ 8-ാം സൂക്തത്തിൽ വന്നിട്ടുള്ളതും വിശദീകരിക്കപ്പെട്ടതുമാകുന്നു. പ്രാർഥന സ്വീകരിച്ച് അല്ലാഹു അനുഗ്രഹിച്ചാൽ ആ മനുഷ്യൻ നേരത്തേ അല്ലാഹുവിനോട് പ്രാർഥിച്ച കാര്യമേ മറന്നുകളയുന്നുവെന്നാണ് അവിടെ പറഞ്ഞത്. തന്റെ ദുരിതമകറ്റിയതും സൗഭാഗ്യമരുളിയതും ഇന്നയിന്ന വിഗ്രഹങ്ങളാണ്, ദേവീദേവന്മാരാണ്, പുണ്യാത്മാക്കളാണ് എന്നൊക്കെ പറഞ്ഞു അല്ലാഹുവിനു സമന്മാരെ കൽപിക്കുന്നു എന്നും ചൂണ്ടിക്കാണിച്ചു. ആപത്തകലുകയും അനുഗ്രഹം സിദ്ധിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിനെ മറക്കുന്നതിന്റെ മറ്റൊരു രൂപമാണ് 'എനിക്കുണ്ടായ സൗഭാഗ്യലബ്ധി എന്റെ വിദ്യകൊണ്ടു മാത്രമുണ്ടായതാണ്' എന്ന വാക്കിലൂടെ ചൂണ്ടിക്കാണിക്കുന്നത്. إِنَّمَا أُوتِيتُهُ عَلَىٰ عِلْمٍ-ന് രണ്ട് ആശയമാനമുണ്ട്: 1) എന്റെ രക്ഷയും സൗഭാഗ്യവും എന്റെ വിവരം കൊണ്ടും സാമർഥ്യം കൊണ്ടും മാത്രം നേടിയതാണ്, അല്ലാഹുവിന്റെ ഔദാര്യം കൊണ്ടൊന്നും കിട്ടിയതല്ല. ഏകനായ അല്ലാഹുവിനെ അനുസ്മരിക്കുമ്പോൾ മനംപിരട്ടുന്നവരുടെ സ്വഭാവമാണിതും. തന്റെ നേട്ടങ്ങളെല്ലാം തന്റെ വിദ്യ കൊണ്ടും കാര്യപ്രാപ്തി കൊണ്ടും മാത്രം ആർജിച്ചതാണെന്ന വാദവും ശിർക്ക് ആകുന്നു. തന്നെത്തന്നെ ദൈവതുല്യനാക്കു

കയാണയാൾ. സൃഷ്ടിക്കു സിദ്ധിക്കുന്ന ഏതനുഗ്രഹവും ദൈവത്തിങ്കൽ നിന്നുമാത്രം സിദ്ധിക്കുന്നതാണ്. ബുദ്ധി, അധ്വാനം, സാമർഥ്യം, സാങ്കേതിക വിദ്യ, പരസഹായം തുടങ്ങിയവ ദൈവാനുഗ്രഹം സൃഷ്ടിയിലേക്കെത്തുന്നതിനുള്ള ഉപാധികൾ എന്നതിനപ്പുറം ഒന്നുമല്ല. ഈ ഉപാധികളുടെ ഉറവിടവും അല്ലാഹു തന്നെയാണ്. പക്ഷേ, ഉപാധികളിലൂടെ നേടുന്നവർ നേട്ടങ്ങൾ ഉപാധികളുടെ ഉൽപന്നമാണെന്നും ഉപാധികളുടെ ഉറവിടം താൻ മാത്രമാണെന്നും അഹങ്കരിക്കുന്നു. സമ്പദ് സമൃദ്ധിയിൽ അഹങ്കരിക്കരുതെന്നും സമ്പത്ത് അല്ലാഹു അരുളിയ അനുഗ്രഹമാണെന്നും ഉപദേശിച്ചവരോട് ഖാറൂൻ എന്ന മഹാമുതലാളി പ്രതികരിച്ചതായി 28:78-ൽ ഖുർആൻ ഉദ്ധരിക്കുന്നു: قَالَ إِنَّمَا أُوتِيتُهُ عَلَىٰ عِلْمٍ عِندِيٓ (അവൻ പറഞ്ഞു: ഈ സമ്പത്ത് ഞാൻ എന്റെ പക്കലുള്ള വിദ്യ കൊണ്ട് നേടിയതാകുന്നു). ഈ വാക്യത്തിലെ عِلْمٍ عِندِيٓ -എന്റെ പക്കലുള്ള അറിവ്- എന്ന വാക്ക് പ്രകൃത സൂക്തം പരാമർശിക്കുന്ന علم-ഉം വക്താവിന്റെ വിദ്യയാണെന്ന വ്യാഖ്യാനത്തെ ബലപ്പെടുത്തുന്നു.

ഈ അനുഗ്രഹങ്ങൾ അല്ലാഹു എനിക്ക് അറിഞ്ഞുതന്നതാണ് എന്നാണ് രണ്ടാമത്തെ ആശയമാനം. അതായത് ഞാൻ ഈ വിഭവങ്ങളും സ്ഥാനമാനങ്ങളുമൊക്കെ നൽകപ്പെടാൻ അർഹതയും യോഗ്യതയുമുള്ളവനാണെന്ന് അല്ലാഹുവിനറിയാം. അവന് പ്രിയപ്പെട്ടവനായതിനാൽ എന്നെ ഉദാരമായി അനുഗ്രഹിച്ചിരിക്കുകയാണ്. ദൈവം വെറുക്കുന്ന നിഷേധിയോ പാപിയോ അയോഗ്യനോ ആയിരുന്നുവെങ്കിൽ എനിക്കീ അനുഗ്രഹങ്ങളൊന്നും ലഭിക്കുമായിരുന്നില്ല. എന്റെ സുഖഭോഗസമൃദ്ധി ഞാൻ ദൈവത്തിനു പ്രിയപ്പെട്ടവനും യോഗ്യനുമാകുന്നു എന്നതിന്റെ തെളിവാകുന്നു.

സൗഭാഗ്യങ്ങൾ സ്വന്തം വിദ്യ കൊണ്ടും സാമർഥ്യം കൊണ്ടും മാത്രം ആർജിച്ചതാണെന്ന വിചാരം പോലെ തന്നെ തെറ്റാണ് താൻ അല്ലാഹുവിന്റെ സ്നേഹഭാജനമായതുകൊണ്ട് ലഭിച്ചതാണ് എന്ന വിചാരവും. ഭൗതികമായ സുഖദുഃഖങ്ങളും ക്ഷേമ ക്ഷാമങ്ങളും ആത്യന്തികമായി അല്ലാഹുവിങ്കൽനിന്നുണ്ടാകുന്നതാണ്. എന്നാൽ അത് അവന്റെ പ്രീതിയുടെയോ അപ്രീതിയുടെയോ ദൃഷ്ടാന്തമല്ല. അല്ലാഹുവിന് സവിശേഷമായ സ്നേഹമുള്ളവരെ ചിലപ്പോൾ അവൻ മഹാകഷ്ടനഷ്ടങ്ങളിലകപ്പെടുത്തും. അവൻ വെറുക്കുകയും കോപിക്കുകയും ചെയ്യുന്ന ചിലരെ കണക്കറ്റ സമ്പത്തിന്റെയും അധികാരത്തിന്റെയും സ്ഥാനമാനങ്ങളുടെയും ഉടമയാക്കുകയും ചെയ്യും. വിഭവവിതരണത്തിലെ ഏറ്റക്കുറവുകൾ പ്രീതിയുടെയും അപ്രീതിയുടെയും പ്രകടനമല്ല, മറിച്ച് പരീക്ഷണമാകുന്നു. ചിലരെ അവൻ സുഖഭോഗങ്ങൾ കൊണ്ട് പരീക്ഷിക്കുന്നു. ചിലരെ ദാരിദ്ര്യം കൊണ്ടും അവശത കൊണ്ടും പരീക്ഷിക്കുന്നു. ഇങ്ങനെ പരീക്ഷിക്കുന്നതിനു വേണ്ടിയാണ് മനുഷ്യരെ ഒരേ കഴിവുകളും സൗകര്യങ്ങളും സ്വഭാവുമുള്ള ഒറ്റ ഗണമാക്കാതെ പലവക വ്യത്യസ്തതകളുള്ളവരാക്കിയത്: وَلَوْ شَاءَ اللَّهُ لَجَعَلَكُمْ أُمَّةً وَاحِدَةً وَلَٰكِن لِّيَبْلُوَكُمْ فِي مَا آتَاكُمْ (വേണമെങ്കിൽ അല്ലാഹുവിന് നിങ്ങളെല്ലാവരെയും ഒറ്റ ഗണമാക്കാമായിരുന്നു. പക്ഷേ, അവനുദ്ദേശിക്കുന്നത് ഓരോരുത്തർക്കും നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കാനത്രെ -5:48). നേട്ടങ്ങളുണ്ടാക്കുന്നവർ അല്ലാഹുവിനോട് നന്ദിയും കൂറുമുള്ളവരാകുന്നുവോ അതല്ല അഹങ്കാരികളും ധിക്കാരികളുമാകുന്നുവോ എന്നും കോട്ടങ്ങളുണ്ടാകുന്നവർ അല്ലാഹുവിന്റെ വിധി സ്വീകരിച്ച്, അവന്റെ അനുഗ്രഹം പ്രതീക്ഷിച്ച് ക്ഷമയോടെ വർത്തിക്കുന്നുവോ; അതല്ല അവനെ പഴിക്കുന്നുവോ എന്നുമാണ് പരീക്ഷിക്കുന്നത്. അധിക മനുഷ്യരും പക്ഷേ ഈ യാഥാർഥ്യം മനസ്സിലാക്കുന്നില്ല. ഈ അജ്ഞത അവരെ ബഹുദൈവങ്ങളുടെ അടിമത്തത്തിലേക്കും മറ്റധർമങ്ങളിലേക്കും നയിക്കുന്നു. ●

---

قَدْ قَالَهَا الَّذِينَ مِن قَبْلِهِمْ فَمَا أَغْنَىٰ عَنْهُم مَّا كَانُوا يَكْسِبُونَ ﴿٥٠﴾

50. ഇങ്ങനെയൊക്കെ ഇവർക്കു മുമ്പുള്ളവരും ഘോഷിച്ചിട്ടുള്ളതാകുന്നു. പക്ഷേ, അവർ സമ്പാദിച്ചുകൂട്ടിയതൊന്നും അവർക്ക് ഒരു പ്രയോജനവും ചെയ്തില്ല.

فَأَصَابَهُمْ سَيِّئَاتُ مَا كَسَبُوا ۚ وَالَّذِينَ ظَلَمُوا مِنْ هَٰؤُلَاءِ سَيُصِيبُهُمْ سَيِّئَاتُ مَا كَسَبُوا وَمَا هُم بِمُعْجِزِينَ ﴿٥١﴾

51. സമ്പാദ്യങ്ങളുടെ ദുഷ്ഫലങ്ങൾ അവരെ ബാധിക്കുകയും ചെയ്തു. പ്രവാചകാ, ഈ ജനത്തിൽ ധിക്കാരികളായവരെയും തങ്ങൾ സമ്പാദിച്ചതിന്റെ ദുഷ്ഫലങ്ങൾ വൈകാതെ ബാധിക്കുന്നതാകുന്നു. അവർക്ക് അല്ലാഹുവിനെ തോൽപിക്കാനാവില്ല.

**50,51**

قَدْ قَالَهَا = അത് (ഇങ്ങനെയൊക്കെ) ഘോഷിച്ചിട്ടുള്ളതാകുന്നു الَّذِينَ مِن قَبْلِهِمْ = ഇവർക്കു മുമ്പുള്ളവർ(രും)
فَمَا أَغْنَىٰ عَنْهُم = അവർക്ക് ഒരു പ്രയോജനവും ചെയ്തില്ല
مَّا كَانُوا يَكْسِبُونَ = അവർ സമ്പാദിച്ചത് (സമ്പാദിച്ചുകൂട്ടിയതൊന്നും) فَأَصَابَهُمْ = അവരെ ബാധിച്ചു (ബാധിക്കുകയും ചെയ്തു)
سَيِّئَاتُ مَا كَسَبُوا = അവർ(രുടെ) സമ്പാദിച്ചതിന്റെ (സമ്പാദ്യങ്ങളുടെ) തിന്മകൾ (ദുഷ്ഫലങ്ങൾ)
وَالَّذِينَ ظَلَمُوا مِنْ هَٰؤُلَاءِ = (പ്രവാചകാ) ഇക്കൂട്ടരിൽ അക്രമം ചെയ്തവരെ (ഈ ജനത്തിൽ ധിക്കാരികളായവരെയും)
سَيُصِيبُهُمْ = വൈകാതെ ബാധിക്കും (ബാധിക്കുന്നതാകുന്നു) سَيِّئَاتُ مَا كَسَبُوا = തങ്ങൾ സമ്പാദിച്ചതിന്റെ ദുഷ്ഫലങ്ങൾ
وَمَا هُم بِمُعْجِزِينَ = അവർ(ക്കു) (അല്ലാഹുവിനെ) തോൽപിക്കുന്നവരല്ല (തോൽപിക്കാനാവില്ല)

സമ്പത്തും സൗകര്യങ്ങളും തങ്ങളുടെ വിദ്യ കൊണ്ടും വ്യവഹാര സാമർഥ്യം കൊണ്ടും ഉണ്ടായതാണ്, അല്ലെങ്കിൽ തങ്ങളുടെ വിശ്വാസങ്ങളിലും ആചാരങ്ങളിലും സംപ്രീതനായി ദൈവം നൽകിയ സമ്മാനമാണ് എന്ന് അഹങ്കരിക്കുന്നവരായിരുന്നു ഖുറൈശികളിലെ വരേണ്യ വർഗവും. അവരെ ലക്ഷ്യമാക്കി പറയുകയാണ്: ലോകത്ത് ഇക്കൂട്ടർ മാത്രമല്ല ഇങ്ങനെ ജൽപിച്ചിട്ടുള്ളത്. അവർക്കു മുമ്പ് ഒട്ടനവധി ധിക്കാരി സമൂഹങ്ങൾ ഇങ്ങനെ ഘോഷിച്ചിരുന്നു. പക്ഷേ, അവർ നേടിവെച്ചതൊന്നും പരലോകത്ത് ഒരുപകാരവും ചെയ്തില്ല. ശാസ്ത്രവും സാങ്കേതികവിദ്യകളും അവരാവിഷ്കരിച്ച സാമ്പത്തിക തന്ത്രങ്ങളും രാഷ്ട്രമീമാംസയുമെല്ലാം അവിടെ നിസ്സഹായമാകുന്നു. പരലോകത്ത് മാത്രമല്ല, ഈ ലോകത്തും അല്ലാഹു ശിക്ഷിക്കാൻ തീരുമാനിച്ചാൽ പിന്നെ വിദ്യ കൊണ്ടും ആസൂത്രണങ്ങൾ കൊണ്ടും രക്ഷപ്പെടാനാവില്ല. അതിന്റെ തെളിഞ്ഞ ഉദാഹരണമാകുന്നു ഖാറൂൻ:

فَخَسَفْنَا بِهِ وَبِدَارِهِ الْأَرْضَ فَمَا كَانَ لَهُ مِن فِئَةٍ يَنصُرُونَهُ مِن دُونِ اللَّهِ وَمَا كَانَ مِنَ الْمُنتَصِرِينَ ﴿٨١﴾

(അവനെയും അവന്റെ സൗധത്തെയും നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അപ്പോൾ അല്ലാഹുവിനെതിരെ അവനെ സഹായിക്കാൻ ഒരു സംഘവുമുണ്ടായില്ല. സ്വയം രക്ഷപ്പെടാനും അവനു കഴിഞ്ഞില്ല -28:81).

ഇത്തരം നിലപാട് കൈക്കൊണ്ട ധിക്കാരികളെയെല്ലാം ഒടുവിൽ അവരുടെ ദുഷ്ചെയ്തികളുടെ ദുരന്തഫലങ്ങൾ ബാധിച്ചിട്ടുണ്ട്. ധനസമൃദ്ധിയിലും പ്രതാപത്തിലും അഹങ്കരിച്ച് അധർമങ്ങളും അക്രമങ്ങളും ചെയ്തുകൊണ്ടിരിക്കുന്നവർ ഈ ഖുറൈശീ സമൂഹത്തിലും ഉണ്ടല്ലോ. അവർ ചെയ്തുകൂട്ടുന്ന ദുഷ്ചെയ്തികളുടെ ദുരന്തഫലം അവരെയും വൈകാതെ ബാധിക്കുന്നുണ്ട്. മുൻഗാമികൾക്കെന്ന പോലെ അവർക്കും അതിനെ തടയാനോ തോൽപിക്കാനോ കഴിയില്ല. مُعْجِزِينَ-ന്റെ അർഥം 6:134 സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. ഖുറൈശികളെ കാത്തിരിക്കുന്നതായി സൂചിപ്പിക്കുന്ന ദുരന്തം ബദ്ർ മുതൽ മക്കാ വിമോചനം വരെയുള്ള സംഭവങ്ങളിലേറ്റ പരാജയവും മാനഹാനിയുമാണ്. ലോകാവസാനം വരെ ഉയർന്നുവരുന്ന എല്ലാ ധിക്കാരികളുടെയും അവസ്ഥ ഇതുതന്നെയാണ്. ഓരോ നൂറ്റാണ്ടും അതിന്റെ വ്യത്യസ്ത തരത്തിലുള്ള അനേകം ഉദാഹരണങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നുണ്ട്. ●

---

أَوَلَمْ يَعْلَمُوٓا۟ أَنَّ ٱللَّهَ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٥٢﴾

52. ഇക്കൂട്ടർ അറിഞ്ഞിട്ടില്ലയോ, അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് വിഭവം വിപുലീകരിച്ചുകൊടുക്കുന്നതും ഉദ്ദേശിക്കുന്നവർക്ക് ചുരുക്കിക്കൊടുക്കുന്നതും. സത്യം വിശ്വസിക്കുന്ന ജനത്തിന് അതിൽ തീർച്ചയായും വലിയ ദൃഷ്ടാന്തങ്ങളുണ്ട്.

**52**

أَوَلَمْ يَعْلَمُوا = അവർ (ഇക്കൂട്ടർ) അറിഞ്ഞിട്ടില്ലയോ

أَنَّ اللَّهَ يَبْسُطُ الرِّزْقَ = (നതും) എന്തെന്നാൽ അല്ലാഹു വിഭവം വിപുലീകരിച്ചുകൊടുക്കുന്നു

لِمَن يَشَاءُ = അവൻ ഉദ്ദേശിക്കുന്നവർക്ക് وَيَقْدِرُ = ചുരുക്കുന്നതും (ഉദ്ദേശിക്കുന്നവർക്ക് ചുരുക്കിക്കൊടുക്കുന്നതും)

إِنَّ فِي ذَٰلِكَ = തീർച്ചയായും അതിൽ ഉണ്ട് لَآيَاتٍ = (വലിയ) ദൃഷ്ടാന്തങ്ങൾ തന്നെ

لِّقَوْمٍ يُؤْمِنُونَ = (സത്യം) വിശ്വസിക്കുന്ന ജനത്തിന്

ആളുകൾക്ക് ഭൗതിക വിഭവങ്ങൾ കൂട്ടിയും കുറച്ചും കൊടുക്കുന്നത് അല്ലാഹു തന്നെയാണെന്ന സത്യം നേരത്തേ 2: 26, 17: 30, 28: 72, 29: 62, 24: 36,39 സൂക്തങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. 42:12-ൽ ഇനിയും ഈ പ്രസ്താവന ആവർത്തിക്കുന്നുണ്ട്. ഈ ആവർത്തനങ്ങളിൽനിന്നുതന്നെ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാവുന്നതാണ്. 30:37-ൽ ഈ ആശയം അവതരിപ്പിക്കുന്നത് أَوَلَمْ يَرَوْا (അവർ കണ്ടില്ലയോ) എന്നു ചോദിച്ചുകൊണ്ടാണ്. ഇവിടെ أَوَلَمْ يَعْلَمُوا (അവർ അറിഞ്ഞില്ലയോ) എന്നു ചോദിച്ചുകൊണ്ടും. കണ്ണുതുറന്നു നോക്കുന്നവർക്ക് വ്യക്തമായി കാണാവുന്നതും ബുദ്ധിപൂർവം ആലോചിക്കുന്നവർക്ക് അനായാസം മനസ്സിലാക്കാവുന്നതുമായ സത്യമാകുന്നു എന്നാണത് സൂചിപ്പിക്കുന്നത്.

വിദ്യാഭ്യാസവും സാമ്പത്തിക വ്യവഹാരങ്ങളിൽ വൈദഗ്ധ്യവുമുള്ള ധാരാളം ആളുകൾ രാപ്പകൽഭേദമന്യേ സമ്പത്തിനു പിന്നാലെ നെട്ടോട്ടം ഓടിക്കൊണ്ടിരിക്കുന്നു. അവരിൽ പലർക്കും കാര്യമായി ഒന്നും സമ്പാദിക്കാൻ കഴിയുന്നില്ല. മറുവശത്ത് അറിവും വൈദഗ്ധ്യവും തീരെ കുറഞ്ഞ എത്രയോ ആളുകൾ അത്രയൊന്നും അധ്വാനിക്കാതെ വളരെ പെട്ടെന്ന് വൻ മുതലാളിമാരായി മാറുന്നു. പഠിപ്പും പാപ്പാസുമുള്ള കോടീശ്വരന്മാരായി വാണവർ ഒരുനാൾ പൊളിഞ്ഞു പാളീസായി കാരാഗൃഹങ്ങളിലടക്കപ്പെടുന്നു. ഇതൊക്കെ ദൈനംദിന കാഴ്ചകളായിരിക്കെ ബുദ്ധിമാനായ ആർക്കെങ്കിലും തന്റെ സൗഭാഗ്യങ്ങളെല്ലാം തന്റെ യോഗ്യത കൊണ്ടും സാമർഥ്യം കൊണ്ടും മാത്രം നേടിയതാണെന്ന് അഹങ്കരിക്കാൻ കഴിയുമോ? വിചിത്രമെന്നു പറയട്ടെ, ബുദ്ധിമാന്മാരും ധിഷണാശാലികളുമെന്ന് വിശേഷിപ്പിക്കപ്പെടുന്നവരിൽ വലിയൊരു വിഭാഗം പറയുന്നത് സമ്പദ് സമൃദ്ധിയിൽ അതിന്റെ ഉടമയുടെ കഴിവിനും സാമർഥ്യത്തിനുമപ്പുറം മറ്റേതെങ്കിലും ശക്തിക്ക് സ്വാധീനമുണ്ടെന്ന് കരുതുന്നതാണ് ബുദ്ധിശൂന്യത എന്നത്രെ.

പദാർഥ വിഭവങ്ങൾക്കപ്പുറം മനുഷ്യന്റെ ജീവിതോപാധികളായ ബുദ്ധി, പ്രതിഭ, സർഗശേഷി തുടങ്ങിയ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന പദമാണ് رزق. വിഭവങ്ങൾ കൂടിയും കുറഞ്ഞും ലഭിക്കുന്നതിൽ സത്യവിശ്വാസികൾക്ക് വലിയ ദൃഷ്ടാന്തങ്ങളുണ്ട്. إِنَّ فِي ذَٰلِكَ لَآيَاتٍ എന്ന പ്രസ്താവനയിലെ ദൃഷ്ടാന്തങ്ങൾ മനസ്സിലാക്കാൻ رزق-ന്റെ വിശാലമായ അർഥം ഓർക്കുന്നത് നന്നായിരിക്കും. ഒന്നാമതായി, എല്ലാ വിഭ

വങ്ങളുടെയും ദാതാവ് അല്ലാഹുവാകുന്നു എന്നതിന്റെ തെളിഞ്ഞ ദൃഷ്ടാന്തമാണത്. കൂടിയും കുറച്ചും നൽകുന്നത് പരീക്ഷിക്കുന്നതിനു വേണ്ടിയാണെന്ന് മുൻസൂക്തം വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു കുറേയാളുകളെ ഭോഗം കൊണ്ടും കുറേയാളുകളെ ത്യാഗം കൊണ്ടും പരീക്ഷിക്കുകയാണോ? അതിലൊരു വിവേചനമില്ലേ? ഭോഗം കൊണ്ട് പരീക്ഷിച്ചവരെ ത്യാഗം കൊണ്ടും ത്യാഗം കൊണ്ട് പരീക്ഷിച്ചവരെ ഭോഗം കൊണ്ടും പരീക്ഷിക്കുകയാണെങ്കിൽ ജയാപചയങ്ങൾ വ്യത്യസ്തമാകുമായിരുന്നില്ലേ? എല്ലാവർക്കും ഒരൊറ്റ കോഴ്സ്, ഒരേ പരീക്ഷ എന്നതല്ല അല്ലാഹുവിന്റെ ക്രമം. അതായിരുന്നുവെങ്കിൽ നേരത്തേ സൂചിപ്പിച്ചതുപോലെ അതിന് പറ്റിയ വിധം ഒരേ കഴിവുകളും സ്വഭാവപ്രകൃതികളും ഉള്ള ഒറ്റ സമുദായമായിട്ടായിരുന്നു അവൻ മനുഷ്യനെ സൃഷ്ടിക്കുക. പക്ഷേ അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ളത് സ്വഭാവത്തിലും കഴിവുകളിലുമൊക്കെ ഭിന്നരായിട്ടാണ്. ഒരൊറ്റ പാഠാവലിയല്ല പല പാഠാവലികളാണവർക്ക് നൽകിയിട്ടുള്ളത്. ഒരേ സമയം വ്യത്യസ്ത പാഠ്യപദ്ധതിയിൽ പഠിക്കാനും പരീക്ഷയെഴുതാനും വിദ്യാർഥികൾക്കാവില്ലല്ലോ. ഒരാളെ ഒരേസമയം ദാരിദ്ര്യം കൊണ്ടും സമൃദ്ധി കൊണ്ടും പരീക്ഷിക്കാൻ പറ്റില്ല. കാഴ്ച കൊണ്ടും അന്ധതകൊണ്ടും പരീക്ഷിക്കുന്നതും ഇപ്രകാരം തന്നെ. ആർക്ക് ഏതു പാഠ്യപദ്ധതി നൽകണമെന്ന് തീരുമാനിക്കുന്നത് അല്ലാഹുവാണ്. സ്രഷ്ടാവ് അവനായതുകൊണ്ട് അവനുമാത്രമേ അതിനവകാശമുള്ളൂ: نَحْنُ قَسَمْنَا بَيْنَهُم مَّعِيشَتَهُمْ فِي الْحَيَاةِ الدُّنْيَا (നാം തന്നെയാകുന്നു ഭൗതിക ജീവിതത്തിൽ അവരുടെ ഉപജീവനോപാധികൾ വിതരണം ചെയ്യുന്നത് -43:32).

അല്ലാഹു തികഞ്ഞ നീതിമാനും യുക്തിമാനുമാണ്. അവന്റെ വിഭവദാനത്തിൽ പക്ഷപാതിത്വമോ ക്രമരാഹിത്യമോ ഉണ്ടാകുന്നില്ല. رزق-നെ സമ്പത്തിൽ പരിമിതമാക്കി കാണുമ്പോഴാണ്. ചിലരെ കൂടുതൽ പരിഗണിച്ചുവെന്നും ചിലരെ അവഗണിച്ചുവെന്നും തോന്നുന്നത്. رزق -നെ അതിന്റെ വിശാലമായ അർഥത്തിലെടുത്താൽ അതിന്റെ ലഭ്യതയിൽ മനുഷ്യർക്കിടയിൽ ഒരുവക സമത്വമുണ്ടെന്നു കാണാം. ചിലർക്ക് സമ്പത്ത് കൂടുതൽ നൽകുമ്പോൾ ചിലർക്ക് സന്തതികൾ കൂടുതൽ നൽകുന്നു. ചിലർക്ക് ബുദ്ധിയും വിജ്ഞാനവും കൂടുതൽ നൽകുന്നു. മറ്റു ചിലർക്ക് സർഗശേഷികൾ കൂടുതൽ നൽകുന്നു. ഒന്നിന്റെ കുറവ് മറ്റൊന്ന് കൊണ്ട് പരിഹരിക്കുകയാണ്. അവനവന്റെ കൈവശമുള്ളതിന്റെ മൂല്യമറിയാത്തവരാണ് ആരാന്റെ കൈവശമുള്ളതാണ് ഏറ്റവും മികച്ചതെന്ന് ഭ്രമിച്ചു കൊതിക്കുന്നത്. സർവോപരി ഏതു വിഭവസമ്പാദനത്തിന്റെയും ലക്ഷ്യം മനസ്സമാധാനവും സംതൃപ്തിയുമാണ്. അത് വിഭവസമൃദ്ധിയിൽനിന്നുണ്ടാകുന്നതല്ല, സ്വന്തം മനസ്സിൽനിന്നാണതുണ്ടാകുന്നത്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന മനസ്സാണ് ഏറ്റവും വിലപ്പെട്ട സമ്പത്ത്. അതുള്ളവരെ ഒരു ഇല്ലായ്മയും അലട്ടുന്നില്ല. അവരുടെ ദൃഷ്ടിയിൽ അല്ലാഹു കൊടുക്കാത്തത് അവർക്കു വേണ്ടാത്തതാണ്. ഈ മനസ്സ് എത്രത്തോളമുണ്ടോ അത്രത്തോളമാണ് ജീവിതത്തിന്റെ സൗഖ്യം. ഒന്നുകൊണ്ടും തൃപ്തിപ്പെടാൻ കഴിയാത്തവർ എന്ത് എത്ര നേടിയാലും അസ്വസ്ഥരും വ്യഥിതരുമായിരിക്കും. സമ്പത്തിന്റെ ഹിമാലയങ്ങൾ കൈവശമുണ്ടായിട്ടും ചിലർ ശാന്തി കിട്ടാതെ അസ്വസ്ഥരും ഉത്കണ്ഠാകുലരുമായി ഉഴറുന്നു. മറുവശത്ത് അന്നന്നത്തെ അഷ്ടിക്കുമാത്രം വകയുള്ള പാവങ്ങൾ ശാന്തമായി സന്തുഷ്ട ജീവിതം നയിക്കുന്നു. കോടീശ്വരന്മാർ ശീതീകൃത മുറികളിൽ സ്വർണ ഖചിതമായ കട്ടിലുകളിൽ വിരിച്ച പട്ടുമെത്തയിൽകിടന്ന് ഉറക്കം കിട്ടാതെ തിരിഞ്ഞു മറിയുമ്പോൾ പാവങ്ങൾ കറണ്ട്പോലുമില്ലാത്ത കൂരകളുടെ തറയിൽ വിരിച്ച കൈതോലപ്പായയിൽ കിടന്ന് സുഖമായി ഉറങ്ങുന്നു. ഏതു സുഖവും സന്തോഷവും ലക്ഷ്യമാക്കിയാണോ ആളുകൾ വിഭവങ്ങൾ വാരിക്കൂട്ടാൻ പാടുപെടുന്നത്, ആ വിഭവങ്ങളുടെ ആധിക്യമല്ല അവർക്ക് സുഖവും സന്തോഷവും പ്രദാനം ചെയ്യുന്നത്. ശാന്തിയും സമാധാനവും നമ്മിൽനിന്ന് നാം തന്നെ കണ്ടെടുക്കണം. വേണമെന്നുവെച്ചാൽ മുതലാളിക്കും തൊഴിലാളിക്കും പണ്ഡിതനും പാമരനുമെല്ലാം അത് ഒരുപോലെ കണ്ടെടുക്കാൻ കഴിയുകയും ചെയ്യും. അല്ലാഹു അവന്റെ ദാസന്മാർക്ക് വ്യത്യസ്ത വിഭവങ്ങൾ വ്യത്യസ്ത അളവുകളിൽ പ്രദാനം ചെയ്യുന്നത് ഈ സമത്വത്തിന് വിഘാതമാകുന്നില്ല. ഈ വ്യത്യസ്തതകളും ഏറ്റക്കുറവുകളും അവൻ ഈ ലോകത്തിനു നിശ്ചയിച്ച വ്യവസ്ഥയുടെ അനിവാര്യതയാണ്. പരസ്പരം തിരിച്ചറിഞ്ഞും കൊടുത്തും കൊണ്ടും സഹകരിച്ചു വികസിക്കുന്ന വർഗമായിട്ടാണ് മനുഷ്യനെ അവൻ സൃഷ്ടിച്ചിരിക്കുന്നത്. എല്ലാ മനുഷ്യർക്കും എല്ലാ വിഭവങ്ങളും ഒരുപോലെയുണ്ടായാൽ പരസ്പരാശ്രയവും സഹകരണവും കൊള്ളക്കൊടുക്കയുമൊക്കെ അപ്രസക്തവും അനാവശ്യവുമാകും. അത് മാനവിക വികാസത്തെ വിലക്കുകയും ചെയ്യും.

لِّقَوْمٍ يُؤْمِنُونَ (വിശ്വസിക്കുന്ന ജനത്തിന്) എന്നതിന്റെ താൽപര്യം, അല്ലാഹുവിലും പ്രവാചകനിലും വിശ്വസിക്കണമെന്നുള്ളവർക്ക്, അഥവാ വിശ്വസിക്കാൻ സന്മനസ്സുള്ളവർക്ക് എന്നാകുന്നു. ദൃഷ്ടാന്തങ്ങൾ എല്ലാവർക്കും മനസ്സിലാകുന്നതാണ്. പക്ഷേ, അടിസ്ഥാനപരമായി അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കാത്തവർക്ക് അവൻ അവതരിപ്പിക്കുന്ന ദൃഷ്ടാന്തങ്ങൾ എത്ര സുസ്പഷ്ടമാണെങ്കിലും അസ്വീകാര്യമായിരിക്കും. ●

**തിരുത്ത്**

*ഖുർആൻ ബോധനം* 1135-ൽ (ലക്കം: 3223, ഒക്ടോബർ 22/2021, പേജ് 35, കോളം 2, പാര 1) *അസ്സുമർ* 37-ാം സൂക്തത്തിന്റെ വിശദീകരണത്തിലെ ‘أَلَيْسَ اللَّهُ بِعَزِيزٍ ذِي انتِقَامٍ(അല്ലാഹു അവന്റെ ദാസരെ രക്ഷിക്കാൻ മതിയായവനല്ലയോ) എന്ന വാക്യം 36-ാം സൂക്തത്തിലെ أَلَيْسَ اللَّهُ بِكَافٍ عَبْدَهُ-ന്റെ തുടർച്ചയാണ്’ എന്ന വാചകം, ‘ أَلَيْسَ اللَّهُ بِعَزِيزٍ ذِي انتِقَامٍ എന്ന വാക്യം 36-ാം സൂക്തത്തിലെ أَلَيْسَ اللَّهُ بِكَافٍ عَبْدَهُ എന്ന വാക്യത്തിന്റെ തുടർച്ചയാണ്’ എന്നു തിരുത്തേണ്ടതാണ്. പിശക് പറ്റിയതിൽ ഖേദിക്കുന്നു.

**പത്രാധിപർ**